"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ല - അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ സ്പോർട്സ് മീറ്റ് (2022-2023) ന് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.154/2023/LSGD    തീയതി,തിരുവനന്തപുരം, 18-01-2023

---

പരാമർശം:- 1. അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ സ്പോർട്സ് മീറ്റ് ജനറൽ കൺവീനർ നൽകിയ 27.12.2022 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ സ്പോർട്സ് മീറ്റ് (2022-2023) ജനുവരി 12, 13, 14 തീയതികളിൽ തേഞ്ഞിപ്പാലത്തുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സി.എച്ച്. മുഹമ്മദ്കോയ സ്മാരകത്തിൽ വച്ച് നടത്തുകയാണെന്നും നടത്തിപ്പിന് ഏകദേശം 16 ലക്ഷം രൂപയോളം ചെലവ് വരുമെന്നും ആയതിനാൽ മേളയുടെ നടത്തിപ്പിനായി മലപ്പുറം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10,000/- രൂപ വീതവും നഗരസഭകളിൽ നിന്നും 20,000/- രൂപ വീതവും തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് അനുകൂല നടപടി സ്വീകരിക്കണമെന്നും അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ സ്പോഴ്സ് മീറ്റ് ജനറൽ കൺവീനർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 ജനുവരി 12, 13, 14 തീയതികളിൽ (തേഞ്ഞിപ്പാലം) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സി.എച്ച്.മുഹമ്മദ്കോയ സ്മാരകത്തിൽ വച്ച് നടന്ന അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ സ്പോഴ്സ് മീറ്റ് (2022-2023) ന് മലപ്പുറം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10,000/- രൂപ വീതവും നഗരസഭകൾ 20,000/- രൂപ വരെയും അവരവരുടെ തനതു ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHERLI P

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, എൽ.എസ്.ജി.ഡി(റൂറൽ).

ഡയറക്ടർ, എൽ.എസ്.ജി.ഡി(അർബൻ).

കൺവീനർ, അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ സ്പോഴ്സ് മീറ്റ് ജനറൽ

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signed by
Sheeba Beegom.a.m
Date: 19-01-2023 09:18:23

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.